പ്ളസ്ടു കോഴ്സ് ആരംഭിക്കുന്നതിന് ലഭിച്ച അപേക്ഷകൾ

115 (1248) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയനവർഷത്തിൽ സംസ്ഥാനത്ത് എത്ര വിദ്യാലയങ്ങളിൽ പ്ളസ് ടു കോഴ്സ് ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ സർക്കാർ വിദ്യാലയങ്ങൾ എത്ര ; സ്വകാര്യ വിദ്യാലയങ്ങൾ എത്ര ;

(സി) പുതിയതായി പ്ളസ് ടു ആരംഭിക്കുന്നതിന് തൃശ്ശൂർ ജില്ലയിൽ നിന്ന് എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ട് ;

(ഡി) ചേർപ്പ് നിയോജകമണ്ഡലത്തിൽ ഏതൊക്കെ വിദ്യാലയങ്ങളുടെ അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്ളസ് ടു അനുവദിക്കേണ്ട സ്കൂളുകളുടെ എണ്ണം തീരുമാനിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 1-9-1998-ലെ വിജ്ഞാപനപ്രകാരം തൃശ്ശൂർ ജില്ലയിൽ നിന്നും 69 സ്കൂളുകളുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. പുതിയ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 6-3-2000 ആയതിനാൽ എത്ര അപേക്ഷകൾ ഉണ്ടെന്ന് പറയാൻ നിർവാഹമില്ല.

(ഡി) 1-9-1998-ലെ വിജ്ഞാപനപ്രകാരം ചേർപ്പ് നിയോജകമണ്ഡലത്തിൽ നിന്നും ജെ.പി.ഇ.എച്ച്.എസ് ആന്റ് ടി ച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കൂർക്കച്ചേരി, എസ്.എൻ.എം.എച്ച്.എസ് ചാഴൂർ, ഗവൺമെന്റ് എൻ.എച്ച്.എസ്. കിഴുപ്പിള്ളിക്കര, സെന്റ് ജോസഫ് എച്ച്.എസ്., ആവിരശ്ശേരി, സെന്റ് ആന്റണീസ് എച്ച്.എസ്., പഴവിൻ, സെന്റ് സേവിയേഴ്സ് എച്ച്.എസ്. ചേവൂർ, സ്വാമി ബോധാനന്ദ എച്ച്.എസ്. ചാഴൂർ എന്നീ വിദ്യാലയങ്ങളുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്.

വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പുതിയ കോഴ്സുകൾ

116 (1249) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ അടുത്ത അദ്ധ്യയന വർഷത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര സ്കൂളുകളിൽ ;

(ബി) അടുത്ത അദ്ധ്യയന വർഷത്തിൽ പുതിയതായി സ്കൂളുകളിൽ വി.എച്ച്.എസ്.സി. കോഴ്സുകൾ അനുവദിക്കുന്നുണ്ടോ ; എങ്കിൽ എത്ര സ്കൂളുകളിൽ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) തൃശ്ശൂർ ജില്ലയിൽ കിഴുപ്പിള്ളിക്കര നളന്ദാ ഹൈസ്കൂളിൽ (ചേർപ്പ് മണ്ഡലം) പുതിയതായി വി.എച്ച്.എസ്.സി. കോഴ്സ് അനുവദിക്കുന്നതിനായി അപേക്ഷ കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവിടെ കോഴ്സ് അനുവദിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly